സൂറഃ-8

# അൽ അൻഫാൽ

مَا كَانَ لِنَبِيٍّ أَن يَكُونَ لَهُۥٓ أَسْرَىٰ حَتَّىٰ يُثْخِنَ فِى ٱلْأَرْضِ ۚ تُرِيدُونَ عَرَضَ
ٱلدُّنْيَا وَٱللَّهُ يُرِيدُ ٱلْءَاخِرَةَ ۗ وَٱللَّهُ عَزِيزٌ حَكِيمٌ ﴿٦٧﴾

لَّوْلَا كِتَـٰبٌ مِّنَ ٱللَّهِ سَبَقَ لَمَسَّكُمْ فِيمَآ أَخَذْتُمْ
عَذَابٌ عَظِيمٌ ﴿٦٨﴾

فَكُلُوا۟ مِمَّا غَنِمْتُمْ حَلَـٰلًا طَيِّبًا ۚ وَٱتَّقُوا۟ ٱللَّهَ ۚ إِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿٦٩﴾

**67.** നാട്ടിൽ അക്രമികളെ നന്നായി അടിച്ചൊതുക്കുന്നതുവരെ തന്റെ കീഴിൽ തടവുകാരുണ്ടായിരിക്കുന്നത് ഒരു പ്രവാചകനും ഭൂഷണമല്ല. നിങ്ങളുദ്ദേശിക്കുന്നത് ഭൗതിക ജീവിതത്തിലെ ക്ഷണിക ലാഭമാണ്; അല്ലാഹു ഉദ്ദേശിക്കുന്നതോ പാരത്രിക വിജയവും. അല്ലാഹു അജയ്യനും അഭിജ്ഞനുമല്ലോ.

**68.** ദൈവിക പ്രമാണം മുമ്പേ രേഖപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ ഇപ്പോൾ കൈപ്പറ്റിയതിന്റെ പേരിൽ നിങ്ങളെ കൊടിയ ശിക്ഷ ബാധിക്കുമായിരുന്നു.

**69.** ശരി, നിങ്ങൾ നേടിയ വിഭവങ്ങൾ അനുവദനീയവും പരിശുദ്ധവുമായി കണക്കാക്കി തിന്നുകൊള്ളുവിൻ. അല്ലാഹുവിനോട് ഭക്തിയുള്ളവരായിരിക്കുവിൻ. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും ദയാപരനുമാകുന്നു.

مَا كَانَ لِنَبِيٍّ = ഒരു പ്രവാചകനും ഭൂഷണമല്ല, ചേർന്നതല്ല
أَن يَكُونَ لَهُۥٓ = അദ്ദേഹത്തിന്(തന്റെ കീഴിൽ)ഉണ്ടായിരിക്കൽ
أَسْرَىٰ = ബന്ധനസ്ഥർ, തടവുകാർ
حَتَّىٰ يُثْخِنَ = (അക്രമികളെ) അടിച്ചൊതുക്കുന്നതുവരെ
فِى ٱلْأَرْضِ = ഭൂമിയി(നാട്ടി)ൽ
تُرِيدُونَ = നിങ്ങൾ ഉദ്ദേശിക്കുന്നു(ന്നത്)
عَرَضَ = അസത്തും അസ്ഥിരവുമായത്, ചണ്ടി(ക്ഷണികലാഭം)
ٱلدُّنْيَا = ഭൗതിക ജീവിതത്തിന്റെ
وَٱللَّهُ يُرِيدُ = അല്ലാഹു ഉദ്ദേശിക്കുന്ന(തോ)
ٱلْءَاخِرَةَ = പരലോകത്തെ (പാരത്രിക വിജയവും)
وَٱللَّهُ عَزِيزٌ = അല്ലാഹു അജയ്യനാകുന്നു(നുമല്ലോ)
حَكِيمٌ = അഭിജ്ഞൻ(നുമല്ലോ)

لَّوۡلَا كِتَٰبٞ = പുസ്തകം, രേഖ(പ്പെട്ടിട്ട്)ഇല്ലായിരുന്നുവെങ്കിൽ مِّنَ ٱللَّهِ = അല്ലാഹുവിങ്കൽനിന്നുള്ള(ദൈവികപ്രമാണം)

سَبَقَ = മുൻകടന്ന്(മുമ്പേ) لَمَسَّكُمۡ = തീർച്ചയായും നിങ്ങളെ ബാധിക്കുമായിരുന്നു

فِيمَآ أَخَذۡتُمۡ = നിങ്ങൾ എടുത്തതിൽ(കൈപ്പറ്റിയതിന്റെ പേരിൽ) عَذَابٌ عَظِيمٞ = കൊടിയ ശിക്ഷ

فَكُلُواْ = ശരി, നിങ്ങൾ തിന്നുകൊള്ളുവിൻ مِمَّا غَنِمۡتُمۡ = നിങ്ങൾ നേടിയ(വിഭവങ്ങൾ)മുതലിൽനിന്ന്

حَلَٰلٗا = അനുവദനീയമായ(യി കണക്കാക്കി) നിലയിൽ طَيِّبٗاۚ = ശുദ്ധമായ(ശുദ്ധവുമായി കണക്കാക്കി)

وَٱتَّقُواْ ٱللَّهَۚ = അല്ലാഹുവിനോട് ഭക്തിയുള്ളവരായിരിക്കുവിൻ

إِنَّ ٱللَّهَ غَفُورٞ = തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനാകുന്നു رَّحِيمٞ = ദയാപരൻ(നുമാകുന്നു)

**67,68:** ഈ സൂക്തങ്ങൾ രണ്ടുതരത്തിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. ഒന്നാമത്തെ വ്യാഖ്യാനമനുസരിച്ച് സൂക്തങ്ങളുടെ സംബോധിതർ പ്രവാചകനും മുസ്‌ലിംകളുമാണ്. ഹദീസുകളുടെ പിൻബലമുള്ളത് ഈ വ്യാഖ്യാനത്തിനാണ്. ഇതുസംബന്ധിച്ച നിവേദനങ്ങളിൽനിന്ന് വ്യക്തമാകുന്നതിതാണ്: ബദ്ർ യുദ്ധത്തിൽ എഴുപതോളം ഖുറൈശീ ഭടന്മാർ തടവിലാക്കപ്പെടുകയുണ്ടായി. പ്രവാചകന്റെ പിതൃവ്യനായ അബ്ബാസ്ബ്നു അബ്ദിൽ മുത്ത്വലിബ് ഉൾപ്പെടെയുള്ള പല പ്രമുഖരും അക്കൂട്ടത്തിലുണ്ടായിരുന്നു.

ഇസ്‌ലാമും കുഫ്‌റും തമ്മിൽ നടന്ന ഒന്നാമത്തെ സായുധ സംഘട്ടനമാണല്ലോ ബദ്ർ. യുദ്ധം അനിവാര്യമായിത്തീർന്നാൽ, അതിക്രമം അവസാനിക്കുന്നതുവരെ യുദ്ധം ചെയ്യണമെന്ന് നേരത്തെ 39-ാം സൂക്തത്തിൽ കൽപിച്ചിട്ടുണ്ട്: وَقَٰتِلُوهُمۡ حَتَّىٰ لَا تَكُونَ فِتۡنَةٞ وَيَكُونَ ٱلدِّينُ كُلُّهُۥ لِلَّهِۚ (പീഡനം ഇല്ലാതാവുകയും വിധേയത്വം പൂർണമായും അല്ലാഹുവിന്നായിത്തീരുകയും ചെയ്യുന്നതുവരെ ശത്രുക്കളോടു പൊരുതുക). ഇതേ കൽപന *അൽബഖറ* 193-ാം സൂക്തത്തിലും കാണാം. പടക്കളത്തിൽ ഏറ്റുമുട്ടിയാൽ പിന്നെ നിർദാക്ഷിണ്യം ശത്രുനിഗ്രഹം നടത്തുകയാണ് വേണ്ടതെന്ന് ഈ സൂറയിലെ 12-ാം സൂക്തത്തിലും നിർദേശിച്ചിട്ടുണ്ട്: فَٱضۡرِبُواْ فَوۡقَ ٱلۡأَعۡنَاقِ وَٱضۡرِبُواْ مِنۡهُمۡ كُلَّ بَنَانٖ (രണാങ്കണത്തിലിറങ്ങിയാൽ നിങ്ങൾ ശത്രുക്കളുടെ കഴുത്തു വെട്ടുക, സന്ധികൾ തോറും വെട്ടുക). ബദ്ർ യുദ്ധത്തിന് മുമ്പവതരിച്ച സൂറ *മുഹമ്മദ്* 4-ാം സൂക്തത്തിൽ പറയുന്നു:

فَإِذَا لَقِيتُمُ ٱلَّذِينَ كَفَرُواْ فَضَرۡبَ ٱلرِّقَابِ حَتَّىٰٓ إِذَآ أَثۡخَنتُمُوهُمۡ فَشُدُّواْ ٱلۡوَثَاقَ فَإِمَّا مَنَّۢا بَعۡدُ وَإِمَّا فِدَآءً حَتَّىٰ تَضَعَ ٱلۡحَرۡبُ أَوۡزَارَهَاۚ

(സത്യനിഷേധികളുമായി യുദ്ധത്തിൽ ഏറ്റുമുട്ടിയാൽ കഴുത്തു വെട്ടുകയാണ് ആദ്യം ചെയ്യേണ്ടത്. അങ്ങനെ അവരെ നന്നായി ഒതുക്കിയാൽ പിന്നെ ശത്രുഭടന്മാരെ തടവുകാരായി പിടിച്ചു കെട്ടുക. അനന്തരം മോചനദ്രവ്യം സ്വീകരിച്ചോ സൗജന്യമായോ അവരെ വിട്ടയക്കാം; യുദ്ധം അതിന്റെ ഭാരങ്ങൾ ഇറക്കിവെക്കുന്നതുവരെ).

ശത്രുക്കളുടെ യുദ്ധജ്വരം ശമിക്കുന്നതുവരെ അഥവാ ഇനിയുമൊരു പടയോട്ടത്തിനു കഴിയാത്തവിധം ഒതുക്കപ്പെടുന്നതുവരെ ശത്രുനിഗ്രഹം നടത്തണമെന്നും അതിനുശേഷം മാത്രമേ ശത്രുഭടന്മാരെ തടവുകാരായി പിടിക്കാവൂ എന്നുമാണ് ഇതിൽ കൽപിക്കുന്നത്. മുസ്‌ലിംകളുടെ ശക്തിയും വീര്യവും അവർക്ക് മറക്കാനാവാത്ത പാഠമായിത്തീരണം. ശത്രുക്കളുടെ യുദ്ധക്കൊതി അവസാനിപ്പിക്കാതെ ഭടന്മാരെ തടവുകാരാക്കുകയും പിന്നെ പിഴ വാങ്ങിയോ സൗജന്യമായോ വിട്ടയക്കുകയും ചെയ്താൽ ഇപ്പോഴുണ്ടായതിനെക്കാൾ വലിയ ആക്രമണത്തിനും രക്തച്ചൊരിച്ചിലിനും അതു വഴിയൊരുക്കും. കുറേ പേരെ തടവുകാരാക്കുകയും മോചനദ്രവ്യം വാങ്ങുകയും ചെയ്യുകയല്ല; അല്ലാഹുവിനും അവന്റെ ദീനിനുമെതിരെ ആക്രമണങ്ങളഴിച്ചുവിടുന്ന പൈശാചിക ശക്തികളെ നിഗ്രഹിക്കുകയാണ് പ്രവാചകന്റെ യുദ്ധലക്ഷ്യം.

ബദ്റിൽ ഖുറൈശിപ്പട തോറ്റപ്പോൾ അവരിൽനിന്ന് കഴിയുന്നത്ര ആളുകളെ ബന്ധികളാക്കാനാണ് മുസ്‌ലിംകൾ ശ്രമിച്ചത്. വാസ്തവത്തിൽ അവർ ചെയ്യേണ്ടിയിരുന്നത് ശത്രുക്കളെ കഴിയുന്നത്ര നിഗ്രഹിക്കുകയായിരുന്നു. കാരണം, കീഴടങ്ങുകയോ സന്ധിക്കു തയാറാവുകയോ ചെയ്യാതെ ഓടിപ്പോവുകയാണ് ശത്രുക്കൾ ചെയ്തത്. കൂടുതൽ ശക്തി സംഭരിച്ച് വീണ്ടും വരാനുള്ളതാണ് ആ പോക്ക്. ഉഹുദ് യുദ്ധത്തിലൂടെ അവർ അതുതന്നെയാണ് ചെയ്തത്. ബദ്റിൽനിന്ന് ഓടിപ്പോകുന്ന ശത്രുക്കളെ പിന്തുടർന്ന് കൈയിൽ കിട്ടുന്നവരെ വധിച്ചിരുന്നുവെങ്കിൽ അത്രവേഗത്തിൽ വീണ്ടും മദീനക്കുനേരെ പടയോട്ടം നടത്താൻ അവർ മുതിരുമായിരുന്നില്ല. മുസ്‌ലിംകൾ ബദ്റിൽ തോറ്റ ഖുറൈശികളെ ബന്ധനസ്ഥരാക്കിയത് മുകളിൽ പറഞ്ഞ ശത്രുക്കളുടെ യുദ്ധജ്വരം അവസാനിക്കുകയും അതിക്രമം ഇല്ലാതാവുകയും ചെയ്യുന്നതുവരെ അവരെ നിഗ്രഹിക്കണം എന്ന നിർദേശവുമായി പൊരുത്തപ്പെടാത്തതായിരുന്നു. മോചനദ്രവ്യമായി ഖുറൈശികളിൽനിന്ന് ധാരാളം ധനം വസൂൽ ചെയ്യാമെന്നും അത് തങ്ങളെ കൂടുതൽ പ്രബലരാക്കുമെന്നുമുള്ള വിചാരമായിരുന്നു ശത്രുക്കളെ വധിക്കാതെ തടവുകാരായി പിടിക്കാൻ മുസ്‌ലിംകളെ പ്രേരിപ്പിച്ചത്.

തങ്ങളെ അക്രമിക്കുന്ന ശത്രുക്കളെ കഴിയുന്നത്ര നിഗ്രഹിച്ച് ആപത്തിന്റെ വേരറുക്കുക എന്നല്ലാതെ, ശത്രുഭടന്മാരെ പിടിച്ചുകെട്ടി കൊണ്ടുവരുന്നതിനെക്കുറിച്ച് മുസ്‌ലിംകൾ യുദ്ധം തുടങ്ങുന്നതിനുമുമ്പ് ആലോചിച്ചിരുന്നില്ല; പ്രവാചകൻ അതേപ്പറ്റി അവർക്ക് നിർദേശം നൽകിയിരുന്നുമില്ല. യുദ്ധത്തിന്റെ അവസാന ഘട്ടത്തിൽ മുസ്‌ലിം ഭടന്മാരിൽ ഉദിച്ച ഒരാശയമാണ് ശത്രുക്കളെ തടവിലാക്കുക എന്നത്. തടവുകാരെ കൊണ്ടുവന്നപ്പോൾ അവരെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന പ്രശ്നമുദിച്ചു. പ്രവാചകൻ പ്രമുഖ ശിഷ്യന്മാരെ വിളിച്ചുകൂട്ടി കൂടിയാലോചന നടത്തി. ചിലർ ശത്രുക്കളെ തടവുകാരാക്കിയ നടപടിയോട് വിയോജിപ്പ് പ്രകടിപ്പിച്ചു. ഉമറി(റ)നെപ്പോലുള്ള ചിലർ തടവുകാരായി കൊണ്ടുവന്ന ശത്രുക്കളെ കൊന്നുകളയണമെന്നഭിപ്രായപ്പെട്ടു. ഇസ്‌ലാമിനെയും പ്രവാചകനെയും ഉന്മൂലനം ചെയ്യാൻ കച്ചകെട്ടിവന്നവർ യാതൊരു ദാക്ഷിണ്യവും അർഹിക്കുന്നില്ലെന്നും അവരുടെ ഗതി മറ്റുള്ളവർക്ക് പാഠമാകണമെന്നുമായിരുന്നു അക്കൂട്ടരുടെ ന്യായം. മാപ്പുനൽകി മോചനദ്രവ്യം വാങ്ങി വിട്ടയക്കണമെന്നാണ് അബൂബക്റി(റ)നെപ്പോലുള്ള

ചിലർ അഭിപ്രായപ്പെട്ടത്. എന്തൊക്കെയായാലും ഇവർ നമ്മുടെ ഗോത്രക്കാരും സഹോദരങ്ങളുമാണല്ലോ എന്നായിരുന്നു അവരുടെ ന്യായം. അവരിൽ ചിലർ -ഉദാ: അബ്ബാസ്(റ)- പ്രവാചകനെയും മുസ്‌ലിംകളെയും മക്കയിൽ ഏറെ സഹായിച്ചിട്ടുള്ളവരാണ്. മറ്റു ഖുറൈശീ നേതാക്കളുടെ സമ്മർദത്താൽ നിർബന്ധിതരായിട്ടാണ് അവർ യുദ്ധത്തിനു വന്നത്. ഇപ്പോൾ ബന്ധനസ്ഥരായവർ വിട്ടയക്കപ്പെടുകയാണെങ്കിൽ ഭാവിയിൽ അവർ ഇസ്‌ലാമിലേക്കു വരാനും വിലപ്പെട്ട സേവനങ്ങൾ ചെയ്യാനും സാധ്യതയുണ്ട്. പ്രവാചകൻ സ്വീകരിച്ചത് ഈ അഭിപ്രായമാണ്. യുദ്ധം ഉണ്ടായില്ലെങ്കിൽ പോലും മുസ്‌ലിംകളുടെ കൈയിൽ കിട്ടിയാൽ വധിക്കപ്പെടേണ്ടവരായിരുന്നു, ബന്ധികളുടെ കൂട്ടത്തിലുണ്ടായിരുന്ന നദ്റ്ബ്നു ഹാരിഥും ഉഖ്ബത്ബ്നു അബൂമുഐത്തും. അത്രക്ക് ക്രൂരമായ ദ്രോഹങ്ങളാണ് പ്രവാചകൻ മക്കയിലായിരുന്നപ്പോഴും മദീനയിലേക്ക് പോന്ന ശേഷവും അവർ മുസ്‌ലിംകൾക്കും പ്രവാചകനും എതിരെ ചെയ്തുകൊണ്ടിരുന്നത്. ഈ രണ്ടു പേർക്ക് നബി(സ) വധശിക്ഷ വിധിച്ചു. അബ്ബാസ്(റ) അടക്കമുള്ള മറ്റു ബന്ധികളെ വിട്ടയച്ചു. മോചനദ്രവ്യം നൽകാൻ സാധിക്കാത്ത ചില തടവുകാരെ മോചനദ്രവ്യത്തിനു പകരമായി മദീനയിലെ കുട്ടികളെ എഴുത്തും വായനയും പഠിപ്പിക്കാൻ നിയോഗിച്ചതായും നിവേദനമുണ്ട്.

ഈ സംഭവം നിരൂപണം ചെയ്തുകൊണ്ട് അല്ലാഹു പറയുകയാണ്: സത്യത്തിന്റെയും ധർമത്തിന്റെയും ശത്രുക്കളെ, ഉടനെ മറ്റൊരാക്രമണത്തെക്കുറിച്ചു ചിന്തിക്കാനാവാത്തവിധം അടിച്ചൊതുക്കുകയായിരുന്നു ഈ യുദ്ധത്തിൽ മുസ്‌ലിംകൾ ചെയ്യേണ്ടിയിരുന്നത്. അതിനുമുമ്പ് അവരിൽ കുറേപേരെ തടവുകാരാക്കി മോചനദ്രവ്യം വാങ്ങി വിട്ടയച്ച നടപടി ശരിയായില്ല. ശത്രുക്കളെ പരമാവധി നശിപ്പിക്കാനുള്ള അവസരമാണ് യുദ്ധം. അക്രമാസക്തിയും അതിനുള്ള ശക്തിയും ശത്രുക്കളിൽ നിലനിർത്തിക്കൊണ്ട് അവരിൽനിന്ന് കുറേയാളുകളെ തടവുകാരാക്കിക്കൊണ്ടുവന്ന നടപടി പ്രവാചകന് ഭൂഷണമായതല്ല. അക്രമികളുടെയും ധർമധിക്കാരികളുടെയും നശീകരണമാണ് പ്രവാചകൻ നടത്തുന്ന യുദ്ധത്തിന്റെ ലക്ഷ്യം. അതാണ് പാരത്രിക വിജയത്തിനുള്ള മാർഗം. വിശ്വാസികളിൽ ചിലർ ആ ലക്ഷ്യത്തെക്കാൾ ഭൗതിക ലാഭത്തിന് പ്രാധാന്യം കൽപിച്ചുകളഞ്ഞു. അതുകൊണ്ടാണ് ചതച്ചരക്കപ്പെടുന്നതിനു മുമ്പേ തടവുകാരെ പിടികൂടാൻ ധൃതിപ്പെട്ടത്. അല്ലാഹു അവർക്കുവേണ്ടി ഉദ്ദേശിച്ച പരലോക വിജയവുമായി പൊരുത്തപ്പെടുന്നതായില്ല ഈ നടപടി.

യുദ്ധത്തിൽ ശത്രുക്കൾ നന്നായി ചതച്ചരക്കപ്പെട്ട ശേഷം തടവുകാരെ പിടികൂടുകയും പിന്നീട് പിഴ ഈടാക്കിയിട്ടോ സൗജന്യമായിട്ടോ വിട്ടയക്കുകയും ചെയ്യാമെന്ന ഒരടിസ്ഥാന നിയമം നേരത്തെ ഇല്ലായിരുന്നുവെങ്കിൽ നിങ്ങൾ ഈ ചെയ്തത് വമ്പിച്ച കുറ്റമായി കണക്കാക്കപ്പെടുകയും അതിന്റെ പേരിൽ നിങ്ങൾ ഇഹത്തിലോ പരത്തിലോ രണ്ടിടത്തുമോ ഭയങ്കരമായി ശിക്ഷിക്കപ്പെടുകയും ചെയ്യുമായിരുന്നു. മതിയായ ചർച്ചയും കൂടിയാലോചനയും നടത്തിയശേഷം എടുക്കുന്ന തീരുമാനം തെറ്റായിപ്പോയാലും പൊറുക്കപ്പെടുമെന്നും അല്ലാഹു നേരത്തെ നിശ്ചയിച്ചിട്ടുള്ളതാണ്. അതിനാൽ ഇപ്പോൾ നിങ്ങളിൽ സംഭവിച്ചുപോയ വീഴ്ചകൾ അവൻ പൊറുത്തു തന്നിരിക്കുന്നു.

രണ്ടാമത്തെ വ്യാഖ്യാന പ്രകാരം സൂക്തങ്ങളുടെ സംബോധിതർ ഖുറൈശികളും മറ്റു വിഗ്രഹാരാധകരുമാണ്. ബദ്റിനുശേഷം അവരുയർത്തിയ ഒരു വിമർശനത്തിനുള്ള മറുപടിയാണിത്. مَا كَانَ لِنَبِيٍّ أَن يَكُونَ لَهُۥٓ أَسْرَىٰ حَتَّىٰ يُثْخِنَ فِى ٱلْأَرْضِ എന്ന വാക്യത്തിന് ഈ വ്യാഖ്യാനക്കാർ അർഥം നൽകുന്നത് ഇങ്ങനെയാണ്: തന്റെ കൈവശം തടവുകാരുണ്ടായിരിക്കുക, അതിനുവേണ്ടി നാട്ടിൽ ചോരക്കളങ്ങൾ സൃഷ്ടിക്കുക എന്നത് ഒരു പ്രവാചകന്നും ഭൂഷണമല്ല.' യുദ്ധം തുടങ്ങുന്നതിനുമുമ്പ് ഖുറൈശികൾ പറഞ്ഞിരുന്നത്, ഈ യുദ്ധത്തിൽ ജയിക്കുന്ന കക്ഷിയാരാണോ അവരാണ് സത്യത്തിന്റെയും ധർമത്തിന്റെയും വാഹകർ, അല്ലാഹുവിന്റെ കക്ഷി എന്നായിരുന്നു. സ്വന്തം വാദപ്രകാരം തന്നെ ബദ്ർ യുദ്ധം കഴിഞ്ഞതോടെ അവർ മുസ്‌ലിംകളോടുള്ള ശത്രുത അവസാനിപ്പിക്കേണ്ടതും ഇസ്‌ലാമിനെ അംഗീകരിക്കേണ്ടതുമായിരുന്നു. പക്ഷേ, ബദ്റിൽനിന്ന് തോറ്റോടിയപ്പോൾ സത്യം അംഗീകരിക്കുന്നതിനു പകരം വേറെ ചില വിതണ്ഡവാദങ്ങളുന്നയിക്കുകയാണവർ ചെയ്തത്. ഇപ്പോൾ തെളിഞ്ഞില്ലേ; ഇയാൾക്കാവശ്യം അധികാരവും പണവുമാണെന്ന്? അതിനുവേണ്ടി ഇക്കൂട്ടർ സ്വന്തക്കാരോടും ബന്ധുക്കളോടുംവരെ യുദ്ധം ചെയ്യുന്നു. അവരുടെ രക്തം ചിന്തുന്നു. കൂടപ്പിറപ്പുകളെ പിടിച്ചു തടവിലിടുന്നു. അവരിൽനിന്ന് വൻ തുക മോചനദ്രവ്യം വാങ്ങുന്നു. ഇതെന്തൊരു പ്രവാചകനാണ്?! ഈ വിമർശകരെ സംബോധന ചെയ്തുകൊണ്ട് അല്ലാഹു പറയുകയാണ്: രക്തരൂഷിതമായ സംഘട്ടനങ്ങളുണ്ടാക്കുകയും തടവുകാരെപ്പിടിച്ച് ദ്രവ്യം സമ്പാദിക്കുകയുമൊന്നും ഒരു പ്രവാചകന്നും ചേർന്നതല്ല. അതല്ല പ്രവാചക ദൗത്യം. രക്തം ചിന്തലും ആളുകളെ തടവിലാക്കലുമൊക്കെ നിങ്ങൾ ഭൗതികന്മാരുടെ സ്വഭാവമാണ്. ഭൗതികലാഭങ്ങളാണല്ലോ നിങ്ങളുടെ ലക്ഷ്യം. അല്ലാഹുവിന് അത്തരം ലാഭങ്ങളൊന്നും ആവശ്യമില്ല. ഭൗതിക ലാഭങ്ങൾ വാരിക്കൂട്ടാനല്ല അവൻ പ്രവാചകന്മാരെ അയച്ചിട്ടുള്ളത്, മറിച്ച് മനുഷ്യരുടെ പരലോകവിജയത്തിനു വേണ്ടിയാണ്. ഇപ്പോൾ സംഭവിച്ച സംഘട്ടനവും ബന്ധനവുമൊക്കെ നിങ്ങളാൽ ഉണ്ടായിത്തീർന്നതാണ്, പ്രവാചകൻ ഉണ്ടാക്കിയതല്ല. നിങ്ങളാണ് മക്കയിൽ പ്രവാചകനെയും ശിഷ്യന്മാരെയും ക്രൂര മർദനങ്ങൾക്കിരയാക്കിയതും ജന്മദേശത്തുനിന്ന് ആട്ടിയോടിച്ചതും. അഭയം നേടിയ സ്ഥലത്തും സൈ്വര്യമായി ജീവിക്കാനനുവദിക്കാതെ അവരെ വേട്ടയാടാൻ കോപ്പുകൂട്ടിവന്നതും നിങ്ങളാണ്. ധർമവിരോധവും ഭൗതിക പ്രമത്തതയുമായിരുന്നു അതിനൊക്കെ നിങ്ങളെ പ്രേരിപ്പിച്ചത്. പക്ഷേ, അല്ലാഹു അജയ്യനും അഭിജ്ഞനുമാണ്. അവന്റെ ശക്തിയെയും ജ്ഞാനത്തെയും മറികടക്കാൻ നിങ്ങൾക്കൊരിക്കലും കഴിയില്ല.

لَّوْلَا كِتَٰبٌ مِّنَ ٱللَّهِ سَبَقَ എന്ന വാക്യത്തിന്റെ താൽപര്യം 'അല്ലാഹു ഓരോ ജനതക്കും ഒരവധി നിശ്ചയിച്ചിട്ടില്ലായിരുന്നുവെങ്കിൽ' എന്നാണ്. അതായത് ഖുറൈശികൾക്ക് അല്ലാഹു നിശ്ചയിച്ച ജീവിതാവധി ഇനിയും ബാക്കിയുള്ളതുകൊണ്ടാണ് അവരിപ്പോഴും നശിപ്പിക്കപ്പെടാതെ നിലനിൽക്കുന്നത്. അല്ലെങ്കിൽ അല്ലാഹുവിന്റെ പ്രവാചകനോടും സത്യദീനിനോടും അനുവർത്തിച്ച അതിക്രമങ്ങളുടെ പേരിൽ അവർ ഇതിനകം തന്നെ ഉന്മൂലനം ചെയ്യപ്പെട്ടു കഴിഞ്ഞിട്ടുണ്ടാകുമായിരുന്നു. فِيمَآ أَخَذْتُمْ എന്ന വാക്യത്തിന് നിങ്ങൾ കൈപ്പറ്റിയ വിഭവം എന്നല്ല, നിങ്ങൾ സ്വീകരിച്ച നിലപാട്, നടപടി എന്നാണർഥം കൽപിക്കേണ്ടത്. 'നിങ്ങൾ എടുത്തതിന്റെ പേരിൽ', 'സ്വീകരിച്ചതിന്റെ പേരിൽ' എന്നേ മൂലവാക്കിനർഥമുള്ളൂ. എന്തു സ്വീകരിച്ചതിന്റെ പേരിൽ എന്ന് വ്യക്തമാക്കുന്നില്ല. ഖുറൈശികൾ ഇസ്‌ലാമിനോടും മുസ്‌ലിംകളോടും സ്വീകരിച്ച ഹിംസാത്മകവും അധാർമികവുമായ നിലപാടാണ് ഉദ്ദേശ്യമെന്ന് സന്ദർഭത്തിൽനിന്നു വ്യക്തമാണ്.

ഈ വ്യാഖ്യാനമനുസരിച്ച്, മുസ്‌ലിംകൾ ബദ്റിൽ ഖുറൈ

ശികളെ ബന്ധനസ്ഥരാക്കിയതോ അവരിൽനിന്ന് മോചനദ്രവ്യം ഈടാക്കിയതോ തെറ്റായിരുന്നില്ല. അതിന്റെ പേരിൽ പ്രവാചക നെയും വിശ്വാസികളെയും കുറ്റപ്പെടുത്തുകയുമല്ല ഈ സൂക്ത ങ്ങൾ. മുസ്‌ലിംകളെ അതിലേക്കു നയിച്ച ഖുറൈശീ അക്രമിക ളെയാണ് അല്ലാഹു ആക്ഷേപിക്കുന്നതും താക്കീതു ചെയ്യുന്ന തും. ഇങ്ങനെയാണ് മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹീ ഈ സൂക്തങ്ങളെ വ്യാഖ്യാനിച്ചിരിക്കുന്നത്. ബൗദ്ധികമായി കൂടുതൽ ബലമുള്ളത് ഈ വ്യാഖ്യാനത്തിനാണെങ്കിലും ഇതു സംബന്ധിച്ചുദ്ധരിക്കപ്പെടുന്ന നിവേദനങ്ങൾ പിന്തുണക്കുന്നത് ഒന്നാമത്തെ വ്യാഖ്യാനത്തെയാണ്.

മൂലത്തിലെ يُثْخِنَ എന്ന പദം إثخان എന്ന മൂലത്തിൽനിന്നുള്ളതാണ്. ഒരു സംഗതിയിൽ കാഠിന്യവും ധാരാളിത്തവും കാണിക്കുന്നതിനെക്കുറിക്കാനാണീപദം ഉപയോഗിക്കുക. أثخنه الجراحة എന്നാൽ അയാളെ മാരകമായി മുറിവേൽപ്പിച്ചു. أثخنه المرض അയാളുടെ രോഗം ഗുരുതരമായി എന്നെല്ലാമാണർഥം. ശത്രുക്കളെ നിർദയം അടിച്ചൊതുക്കി, നിർദാക്ഷിണ്യം നിഗ്ര ഹിച്ചു എന്നാണ് أثخن في الأرض എന്ന വാക്കിനർഥം. ചില ഖുർ ആൻ വ്യാഖ്യാതാക്കൾ إثخان-ന് ശക്തി, കാഠിന്യം എന്നും അർഥം കൽപിച്ചിട്ടുണ്ട്. അവരുടെ അഭിപ്രായത്തിൽ حَتَّىٰ يُثْخِنَ فِى ٱلْأَرْضِ എന്ന വാക്കിനർഥം حتى يمكن في الأرض എന്നാണ്. അതായത് നാട്ടിൽ ശക്തിയും അധികാരവും കൈവരുന്നത് വരെ എന്ന്.

സ്വന്തമായ സത്തയും നിലനിൽപും ഇല്ലാത്തതും മറ്റൊന്നിനോടൊപ്പം മാത്രം ഉളവാകുന്നതുമായ പ്രതിഭാസമാണ് عرض. വസ്തുക്കളുടെ നിറം, മണം തുടങ്ങിയ ഗുണങ്ങൾ عرض ആണ്. വസ്തുവിന്റെ വീതി എന്നും عرض-ന് അർഥമുണ്ട്. നൈമിഷിക പ്രതിഭാസം, ക്ഷുദ്രവും ക്ഷണികവുമായത്, പ്രദർശനം, ലേലം, കൈമാറാൻ സമ്മതിക്കൽ എന്നിങ്ങനെ വേറെയും ഒട്ടേറെ അർഥങ്ങളിൽ ഈ പദം ഉപയോഗിക്കാറുണ്ട്. عَرَضَ ٱلدُّنْيَا 'ഭൗതിക വിഭവങ്ങൾ' എന്ന അർഥത്തിലും 'മ്ലേഛ വിഭവങ്ങൾ' എന്ന അർഥത്തിലും ഉപയോഗിക്കുന്നു.

**69:** ഈ സൂക്തം സംബോധന ചെയ്യുന്നത് വിശ്വാസികളെയാണ് എന്ന കാര്യത്തിൽ തർക്കമില്ല. മുൻ സൂക്തങ്ങൾക്ക് നൽകപ്പെട്ട ഒന്നാമത്തെ വ്യാഖ്യാനപ്രകാരം ഈ വചനത്തിന്റെ താൽപര്യമിതാണ്: ബദ്റിൽ ശത്രുക്കളെ തടവിലാക്കി മോചന ദ്രവ്യം വാങ്ങി വിട്ടയച്ചത് നിങ്ങൾക്കു പറ്റിയ വീഴ്ചയായിരുന്നു വെങ്കിലും അവരിൽനിന്ന് വാങ്ങിയ മോചനദ്രവ്യം നിഷിദ്ധമാക്കിയിട്ടില്ല. ശത്രുക്കളെ തടവിലാക്കുന്നതും മോചനദ്രവ്യം സ്വീകരിച്ചോ അല്ലാതെയോ വിട്ടയക്കുന്നതും അടിസ്ഥാന പരമായി അനുവദിക്കപ്പെട്ടതാണ്. ആ അനുവാദം അസ്ഥാനത്ത് ഉപയോഗിച്ചതാണ് അബദ്ധം. അവരിൽനിന്ന് ഈടാക്കിയ മോചനദ്രവ്യം അനുവദനീയവും ശുദ്ധവുമായ യുദ്ധമുതലായി കണക്കാക്കി നിങ്ങൾക്കനുഭവിക്കാവുന്നതാണ്.

مِمَّا غَنِمْتُمْ എന്നതിനർഥം 'നിങ്ങൾ നേടിയ യുദ്ധമുത ലിൽനിന്ന്' എന്നാണ്. ശർഈ നിർവചന പ്രകാരം രണാങ്കണ ത്തിൽവെച്ച് ശത്രുക്കളിൽനിന്ന് ശേഖരിക്കുന്ന മുതലാണ് യുദ്ധമുതൽ. തടവുകാരുടെ മോചനദ്രവ്യത്തിന് فدية എന്നാണ് പറയുക. ഈ വ്യത്യാസത്തെ ആധാരമാക്കി ചില പണ്ഡിതന്മാർ ഇങ്ങനെ അഭിപ്രായപ്പെട്ടിരിക്കുന്നു: തടവുകാരിൽനിന്ന് മോചന ദ്രവ്യം ഈടാക്കുന്നതുപോലുള്ള നടപടികൾക്കെതിരായ ഒരു താക്കീതാണിത്. സൂക്തസാരം ഇതാണ്: മേലിൽ ഇത്തരം നടപ ടികളുണ്ടാകുന്നത് സൂക്ഷിക്കുക. രണാങ്കണത്തിൽവെച്ച് ശത്രു ക്കളിൽനിന്ന് ശേഖരിക്കുന്ന യുദ്ധമുതലുകൾകൊണ്ട് നിങ്ങൾ തൃപ്തിപ്പെടണം. ശത്രുക്കൾ നിലംപരിശാക്കപ്പെടുന്നതുവരെ തടവുകാരുടെ മോചനദ്രവ്യം കൊതിക്കരുത്. ഇപ്പോൾ സംഭവി ച്ചതെല്ലാം അല്ലാഹു നിങ്ങൾക്ക് പൊറുത്തുതന്നിരിക്കുന്നു. മേലിൽ ഇത്തരം വീഴ്ചകളുണ്ടാകാതെ സൂക്ഷിക്കണം.

മുൻ സൂക്തങ്ങൾക്ക് നൽകപ്പെട്ട രണ്ടാമത്തെ വ്യാഖ്യാന പ്രകാരം ഈ സൂക്തത്തിലൂടെ വിശ്വാസികളോട് പറയുന്നതി താണ്: നിങ്ങൾ യുദ്ധം ചെയ്തതിനെയും യുദ്ധമുതലുകൾ ശേഖരിച്ചതിനെയും ശത്രുക്കളെ തടവുകാരാക്കിയതിനെയും അവരിൽനിന്ന് മോചനദ്രവ്യം സ്വീകരിച്ചതിനെയും കുറിച്ച് ഖുറൈശികൾ എന്തുവേണമെങ്കിലും പറഞ്ഞുകൊള്ളട്ടെ. എല്ലാ അരുതായ്മകൾക്കും ഉത്തരവാദികൾ അവർ തന്നെയാണ്. നിങ്ങൾക്ക് ലഭിച്ച യുദ്ധമുതലുകളും തടവുകാരിൽനിന്നീടാ ക്കിയ മോചനദ്രവ്യവുമെല്ലാം നിങ്ങളെ സംബന്ധിച്ചേടത്തോളം അനുവദനീയവും ശുദ്ധവുമായ യുദ്ധമുതലുകളാണ്. ആ നില ക്കുതന്നെ നിങ്ങൾക്കതനുഭവിക്കാം.

അല്ലാഹു അനുവദിച്ചുതന്ന ശുദ്ധ വിഭവങ്ങൾ അനുഭവി ക്കുന്നവർ അല്ലാഹുവിനോട് ഭക്തിയും വിധേയത്വവുമുള്ളവരാ യിരിക്കണം എന്നാണ് ഈ സന്ദർഭത്തിൽ وَٱتَّقُوا۟ ٱللَّهَ എന്നുതുട ങ്ങുന്ന മൂലവാക്യത്തിന്റെ താൽപര്യം. അല്ലാഹുവിന്റെ വിധിവി ലക്കുകൾ ജാഗ്രതയോടെ പാലിക്കുന്നുണ്ടെങ്കിൽ നിങ്ങളിൽ സംഭവിക്കുന്ന ചെറിയ ചെറിയ വീഴ്ചകൾ കാരുണികനും ഏറ്റം പൊറുക്കുന്നവനുമായ അവൻ പൊറുത്തുതരും. ■